**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3267

18.02.2013 ൽ മറുപടിക്ക്

കുട്ടനാട്ടിലെ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് അധികരിച്ച നിരക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ചാണ്ടി | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) പി.എം.ജി.എസ്.വൈ. ഫെയ്സ് 7 ൽ ഉൾപ്പെട്ടതും റീടെൻഡർ ചെയ്തിട്ടും കരാറുകൾ ഏറ്റെടുക്കാത്തതുമായ കുട്ടനാട്ടിലെ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് 60% എങ്കിലും അധികരിച്ച നിരക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | എ) നിലവിൽ പി.എം.ജി.എസ്.വൈ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് 42% വരെ അധികരിച്ച നിരക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) കുട്ടനാട്ടിലെ ടെൻഡർ പിടിച്ച ഈര-വാലടി റോഡിന് ലാന്റ് അക്വിസിഷനുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | ബി) ഈര-വാലടി റോഡിനാവശ്യമായ സ്ഥലം വിട്ട് കിട്ടുന്നതിനുള്ള തടസ്സം പരിഹരിക്കുന്നതിന് ബഹു: കുട്ടനാട് എം.എൽ.എ. ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചേർക്കുന്നതിന് ജില്ലാകളക്ടറോട് ആവശ്യപ്പെട്ടതനുസരിച്ച് 14.02.2013 വ്യാഴാഴ്ച്ച രാവിലെ 11 മണിയ്ക്ക് കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുന്നതിന് തീരുമാനിച്ച് അറിയിപ്പ് നൽകിയിട്ടുണ്ട്. 2520 മീറ്റർ ദൈർഘ്യമുള്ള പ്രസ്തുത റോഡിന് 1500 മീറ്റർ നീളത്തിൽ മാത്രമുള്ള സ്ഥലമേ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ളു. |

സെക്ഷൻ ഓഫീസർ